"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീമതി.പ്രജിഷ.പി-യുടെ ചികിത്സയ്ക്ക് കോഴിക്കോട് മിംസ് ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1553/2023/LSGD തീയതി,തിരുവനന്തപുരം, 31-07-2023

---

പരാമർശം:-
1. 11/07/2012 ലെ 24623/G2/2012/H&FWD നമ്പർ സർക്കുലർ.
2. 22.04.2013-ലെ G.O.(P) No.144/2013/H&FWD നമ്പർ ഉത്തരവ്.
3. ശ്രീമതി.പ്രജിഷ.പി യുടെ 05.08.2019 -ലെ അപേക്ഷയും ബില്ലുകളും.
4. മാവൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 20.01.2020-ലെ5/1നമ്പർ തീരുമാനം.
5. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 20.07.2022-ലെ (എൽ.ഡിസ്) എം.ആർ 4/48369/2021/ ആ.വ.ഡ നം. കത്ത്.
6. പഞ്ചായത്ത് ഡയറക്ടറുടെ 23.08.2022- ലെ PAN/14113/2019-F2 (DP) നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീമതി പ്രജിഷ.പി-യുടെ ചികിത്സയ്ക്ക് കോഴിക്കോട് മിംസ് ആശുപത്രിയിൽ ചെലവായ 1,43,515/- രൂപ പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർശം (3) പ്രകാരം ടിയാൾ സമർപ്പിച്ച അപേക്ഷയിന്മേൽ 51,953/- രൂപ അനുവദനീയമാണെന്ന് സൂചന(5) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിരിക്കുന്നതിനാൽ ടി തുകയുടെ 80% ആയ 41,562/- രൂപ (നാൽപത്തി ഒന്നായിരത്തി അഞ്ചൂറ്റി അറുപത്തി രണ്ട് രൂപ മാത്രം) അപേക്ഷകയ്ക്ക് മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിനായി ശുപാർശ ചെയ്ത് പരാമർശം (6) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

ക്ലാർക്ക് ശ്രീമതി പ്രജിഷ.പി -യ്ക്ക് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ഇനത്തിൽ അനുവദിക്കപ്പെടുന്ന തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന്

പരാമർശം (4) പ്രകാരം മാവൂർ ഗ്രാമ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിലെ KGSMA Rules, 1960 ചട്ടങ്ങൾക്ക് വിധേയമായി, കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീമതി.പ്രജിഷ.പി-യുടെ ചികിത്സയ്ക്ക് 25.04.2019 മുതൽ 03.05.2019 വരെയുള്ള കാലയളവിൽ കോഴിക്കോട് മിംസ് ആശുപത്രിയിൽ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമെന്ന് അറിയിച്ചിരുന്ന തുകയായ 51,953/- രൂപയുടെ 80% ആയ 41,562/- രൂപ (നാൽപത്തി ഒന്നായിരത്തി അഞ്ഞൂറ്റി അറുപത്തി രണ്ട് രൂപ മാത്രം), പ്രസ്തുത ചികിത്സയ്ക്ക് പലിശ രഹിത ചികിത്സാ വായ്പ എടുത്തിട്ടില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതാണെന്ന വ്യവസ്ഥയിലും, പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിലും മാവൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം. (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.(പഞ്ചായത്ത് ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എൽ ബി എ), കേരള ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ.

സെക്രട്ടറി, മാവൂർ ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല

ശ്രീമതി.പ്രജിഷ.പി , ക്ലാർക്ക്, മാവൂർ ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല. (പഞ്ചായത്ത് ഡയറക്ടർ മുഖേന).

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്. (No.204/EPA3/2022/LSGD).

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 08-08-2023 14:41:40
സെക്ഷൻ ഓഫീസർ